ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:24.08.2024**

## പ്രധാനവാർത്തകൾ

1. **അതിജീവനത്തിന്റെ പാതയിൽ വയനാട് ; ദുരിതബാധിത പ്രദേശത്തെ സ്കൂളുകൾ സെപ്റ്റംബർ രണ്ടിന് തുറക്കുമെന്ന് മന്ത്രി കെ.രാജൻ; ദുരിതാശ്വാസ ക്യാമ്പുകൾ ഇന്നത്തോടെ അവസാനിക്കുമെന്നും മന്ത്രി.**

2. **ചലച്ചിത്ര മേഖലയിലെ വിഷയത്തിൽ തെറ്റ് ആര് ചെയ്താലും സംരക്ഷിക്കില്ലെന്ന് മന്ത്രി സജി ചെറിയാൻ; സർക്കാർ വേട്ടക്കാർക്കൊപ്പമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ.**

3. **പ്രവർത്തനമില്ലാത്ത കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് ഓണക്കാലത്ത് 2,000 രൂപ അനുവദിച്ചതായി മന്ത്രി കെ.എൻ.ബാലഗോപാൽ.**

4. **പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്തിന്റെ 113 ആം പതിപ്പ് നാളെ.**

5. **അന്താരാഷ്ട്ര ക്രിക്കറ്റിൽ നിന്ന് വിരമിക്കുന്നതായി ഇന്ത്യൻ ഓപ്പണിങ് ബാറ്റർ ശിഖർ ധവാൻ.**

RNU TVPM

****************************************************************

## വയനാട് പുനരധിവാസം-കെ.രാജൻ

വയനാട്ടിലെ ദുരന്ത ബാധിത പ്രദേശത്തെ സ്കൂളുകൾ സെപ്റ്റംബർ 2 ന് തുറക്കുമെന്ന് മന്ത്രി കെ രാജൻ. അന്ന് പ്രത്യേക പ്രവേശനോൽസവം നടത്തും. സെപ്തംബർ മൂന്നു മുതൽ അധ്യയനം തുടങ്ങും. വിദ്യാർത്ഥികൾക്ക് മാത്രമായി 3 കെഎസ്ആർടിസി ബസുകൾ സർവീസ് നടത്തുമെന്നും യാത്രാ പാസ് അനുവദിക്കുമെന്നും മന്ത്രി പറഞ്ഞു. ദുരിതാശ്വാസ ക്യാംപുകൾ ഇന്നത്തോടെ പൂർണമായി അവസാനിക്കും. കേന്ദ്രത്തിന് മുന്നിൽ ദുരന്തത്തിലെ നാശനഷ്ടങ്ങളെ കുറിച്ചടക്കം ഈമാസം 18 ന് വിശദമായ മെമ്മോറാണ്ടം സമർപ്പിച്ചതായും 1800 233 O221 എന്ന നമ്പറിൽ ദുരിത ബാധിതർക്ക് എത് സമയത്തും ബന്ധപ്പെടാമെന്നും മന്ത്രി അറിയിച്ചു.

(ഹോൾഡ്-കെ.രാജൻ ബൈറ്റ്)

***************************************************

## വയനാട് -തൊഴിൽമേള

തൊഴിലവസരത്തിന്റെ പുനരേകീകരണമാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നതെന്ന് റവന്യൂ മന്ത്രി കെ.രാജൻ. ചെയ്തു പരിചയമുള്ള തൊഴിലുകൾക്ക് പുറമേ തൊഴിൽ മേഖലയിൽ പുതിയ സാധ്യതകൾ കണ്ടെത്താനും ഉൾപ്പെടുത്താനും സാധിക്കണമെന്നും മന്ത്രി പറഞ്ഞു. അതിനിടെ, മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദുരന്തം അതിജീവിച്ചവരുടെ പുനരധിവാസം ഒരുക്കാൻ സാങ്കേതിക വിദഗ്ധരുടെ നിർദേശവും അഭിപ്രായവവും സ്വീകരിക്കുമെന്ന് ചീഫ് സെക്രട്ടറി വി വേണു പറഞ്ഞു. അതേസമയം, ദുരന്തബാധിതരായ ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല വിദ്യാർത്ഥിക്കൾക്കുള്ള സാമ്പത്തിക സഹായവും പഠന സാമഗ്രികളും ഇന്ന് വിതരണം ചെയ്യും.

***************************************************

RNU TVPM

## വയനാട് -സൗജന്യ വിദ്യാഭ്യാസം

വയനാട് ഉരുൾപൊട്ടൽ ദുരന്ത ബാധിത പ്രദേശത്തെ വിദ്യാർത്ഥികൾക്ക് ഫീസില്ലാതെ പഠിക്കുകുന്നതിന് ഈ അധ്യയന വർഷം തന്നെ സീറ്റുകൾ അനുവദിക്കാൻ കണ്ണൂർ സർവകലാശാലാ സിന്റിക്കേറ്റ് യോഗം തീരുമാനിച്ചു. പുനഃസംഘടിപ്പിക്കപ്പെട്ട കണ്ണൂർ സർവകലാശാലാ സിന്റിക്കേറ്റിന്റെ പ്രഥമയോഗത്തിലാണ് തീരുമാനം. വൈസ് ചാൻസലറുടെ നേതൃത്വത്തിൽ സർവകലാശാലാ ആസ്ഥാനത്ത് വച്ച് ചേർന്ന യോഗത്തിൽ യു.ജി, പി.ജി പ്രോഗ്രാമുകളിൽ ഇതിനാവശ്യമായ സൂപ്പർ ന്യൂമററി സീറ്റുകൾ അനുവദിക്കുന്നതിനും തീരുമാനമായി.

*******************************************************

## സജി ചെറിയാൻ- രഞ്ജിത്

RIJU TVPM

ചലച്ചിത്ര അക്കാദമി ചെയർമാൻ രഞ്ജിത്തിനെതിരെ ബംഗാളി നടി ശ്രീലേഖ മിത്ര ഉന്നയിച്ച ആരോപണം തെളിഞ്ഞാൽ നടപടി ഉറപ്പെന്ന് മന്ത്രി സജി ചെറിയാൻ. ആരോപണത്തിൽ തെറ്റ് ആര് ചെയ്താലും സർക്കാർ സംരക്ഷിക്കില്ലെന്നും അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു. സർക്കാർ ഇരയ്ക്കൊപ്പമാണെന്നും വേട്ടക്കാർക്കൊപ്പമല്ലെന്നും കുറ്റം ചെയ്യുന്നവർക്കെതിരെ വിട്ടു വീഴ്ച ഉണ്ടാകില്ലെന്നും മന്ത്രി നേരത്തെ ചെങ്ങന്നൂരിൽ പ്രതികരിച്ചിരുന്നു.

*******************************************************

## വി.ഡി.സതീശൻ-രഞ്ജിത് വിഷയം

ബംഗാളി നടിയുടെ ആരോപണത്തിൽ ചലച്ചിത്ര അക്കാദമി ചെയർമാൻ രഞ്ജിത് സ്ഥാനമൊഴിയണമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ. സർക്കാർ വേട്ടക്കാരനൊപ്പമാണെന്നും

അദ്ദേഹം ആരോപിച്ചു. ഹേമ കമ്മിറ്റി റിപ്പോർട്ട് പൂഴ്ത്തിവയ്ക്കാൻ സർക്കാർ കൂട്ടുനിന്നു. റിപ്പോർട്ടിലെ കാര്യങ്ങൾ അന്വേഷിച്ച് നിജസ്ഥിതി പുറത്തുകൊണ്ടുവരണം. മന്ത്രിസ്ഥാനത്ത് ഇരിക്കാൻ സജി ചെറിയാൻ യോഗ്യനല്ലെന്നും പ്രതിപക്ഷ നേതാവ് ആരോപിച്ചു.

**********************************************************************

## ആർ.ബിന്ദു - രഞ്ജിത് വിഷയം

സിനിമ മേഖല കാലങ്ങളായി അധമമായ അധികാരം നിലനിൽക്കുന്ന മേഖലയാണെന്ന് മന്ത്രി ആർ.ബിന്ദു. സർക്കാരിന് സ്ത്രീകളുടെ കാര്യത്തിൽ പോസിറ്റീവ് നിലപാടാണുള്ളതെന്നും അവർ പറഞ്ഞു. രഞ്ജിത്തിനെതിരായ ആരോപണത്തിലെ നിജസ്ഥിതി പരിശോധിക്കണം. ജസ്റ്റിസ് ഹേമ കമ്മറ്റി മുന്നോട്ട് വച്ച

നിർദേശങ്ങൾ സർക്കാർ നടപ്പാക്കുമെന്നും മന്ത്രി പറഞ്ഞു.

RNUTVPM

**********************************************************************

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആശയങ്ങൾ പങ്കുവെക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് നാളെ രാവിലെ 11 മണിക്ക്. മൻ കി ബാത്തിന്റെ 113 ആം പതിപ്പാണിത്. ആകാശവാണിയിലും ദൂരദർശനിലും പരിപാടി തത്സമയം ലഭ്യമാകും.

**********************************************************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "**നല്ല വാർത്ത**" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

*****************************************************************

## കശുവണ്ടി തൊഴിലാളി

പ്രവർത്തനമില്ലാത്ത കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് ഓണക്കാലത്ത് **2,000** രൂപ വീതം സമാശ്വാസ വേതനം അനുവദിച്ചതായി ധനമന്ത്രി കെ.എൻ.ബാലഗോപാൽ. അരി വിതരണത്തിനായി തൊഴിലാളിക്ക് **250** രൂപ വീതവും അനുവദിച്ചു. **3.30** കോടി രൂപയാണ് ലഭ്യമാക്കിയത്. ഇതോടെ ഓരോ തൊഴിലാളിക്കും ഓണക്കാലത്ത് സർക്കാരിൽ നിന്ന് **2,250** രൂപയുടെ സഹായം ഉറപ്പായി. ഒരു വർഷത്തിൽ ഏറെയായി പ്രവർത്തനമില്ലാത്ത **398** ഫാക്ടറികളിലെ **14,647** തൊഴിലാളികൾക്കാണ് സർക്കാർ സഹായം ലഭിക്കുന്നത്.

RNU TVPM

*****************************************************************

## നെല്ല് സംഭരണം: കർഷക രജിസ്ട്രേഷൻ

സപ്ലൈകോ വഴി നടത്തുന്ന നെല്ല് സംഭരണ പദ്ധതിയുടെ 2024-25 ഒന്നാം വിള സീസണിലെ ഓൺലൈൻ കർഷക രജിസ്ട്രേഷൻ നാളെ ആരംഭിക്കും. താല്പര്യമുള്ള കർഷകർ **www.supplycopaddy.in** എന്ന വെബ്സൈറ്റ് സന്ദർശിച്ച് രജിസ്ട്രേഷൻ നടത്തണം. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

*****************************************************************

## ഓണം -കൈത്തറി മേള (ഇൻട്രോ)

ഓണത്തോടനുബന്ധിച്ച് കണ്ണൂരിൽ കൈത്തറി പ്രദർശന വിപണന മേളയ്ക്ക് ഇന്ന് തുടക്കമാകും. പോലീസ് മൈതാനിയിലാണ് മേള ഒരുക്കുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി **കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ....**

*****************************************************************

## ശിഖർ ധവാൻ വിരമിക്കൽ

അന്താരാഷ്ട്ര ക്രിക്കറ്റിൽ നിന്ന് വിരമിക്കുന്നതായി ഇന്ത്യൻ ഓപ്പണിങ് ബാറ്റർ ശിഖർ ധവാൻ. സാമൂഹ്യമാധ്യമത്തിൽ പങ്കുവെച്ച വീഡിയോയിലൂടെയാണ് ക്രിക്കറ്റിന്റെ എല്ലാ ഫോർമാറ്റുകളിൽ നിന്നും ധവാൻ വിരമിക്കൽ പ്രഖ്യാപിച്ചത്. 2022 ഡിസംബറിൽ ബംഗ്ലാദേശിന് എതിരെയാണ് ധവാൻ അവസാനമായി ഇന്ത്യക്കായി ഏകദിന മത്സരം കളിച്ചത്. 2010 മുതൽ 2022 വരെ 34 ടെസ്റ്റുകളിലും 167 ഏകദിനങ്ങളിലും 68 ട്വന്റി 20 യിലും ധവാൻ ഇന്ത്യയെ പ്രതിനിധീകരിച്ചിട്ടുണ്ട്. രാജ്യാന്തര കരിയറിൽ 24 അന്താരാഷ്ട്ര സെഞ്ചുറികളും ധവാന്റെ പേരിലുണ്ട്.

*****************************************************************

## ഡ്യൂറന്റ് കപ്പ്

ഡ്യൂറൻഡ് കപ്പ് ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സ്, സെമി ഫൈനൽ കാണാതെ പുറത്ത്. ക്വാർട്ടർ ഫൈനലിൽ എതിരില്ലാത്ത ഒരു ഗോളിലായിരുന്നു ബെംഗളൂരുവിന്റെ ജയം. ഈ മാസം 27 ന് നടക്കുന്ന സെമിയിൽ ബെംഗളൂരു, നിലവിലെ ചാമ്പ്യൻമാരായ മോഹൻ ബഗാൻ സൂപ്പർ ജയൻറ്സിനെ നേരിടും.

***********************************************************

## മഴ-സംസ്ഥാനം

കേരളത്തിൽ അടുത്ത അഞ്ചു ദിവസം ഇടിയോടു കൂടിയ മഴ തുടരും. ഇന്ന് കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രതാ നിർദ്ദേശം പുറപ്പെടുവിച്ചു.

***********************************************************

## സ്വർണവില

സ്വർണവിലയിൽ വർദ്ധന. ഗ്രാമിന് 35 രൂപ വർദ്ധിച്ച് 6,695 രൂപയും പവന് 280 രൂപ വർദ്ധിച്ച് 53,560 രൂപയുമായി.

RNU TVPM

***********************************************************

## വീണാ ജോർജ്-ഒ.പി ഡിജിറ്റൽ

കേരളത്തിലെ സർക്കാർ ആശുപത്രികളിൽ വിവിധ സേവനങ്ങൾക്കുള്ള തുക ഡിജിറ്റലായി അടയ്ക്കാനുള്ള സംവിധാനങ്ങളൊരുങ്ങുന്നതായി മന്ത്രി വീണാ ജോർജ്. പി.ഒ.എസ് മെഷീൻ വഴിയാണ് ഡിജിറ്റലായി പണം അടയ്ക്കുന്നതിനുള്ള സംവിധാനമൊരുക്കുന്നത്. ഇ- ഹെൽത്ത് പദ്ധതി നടപ്പിൽ വരുത്തിയിട്ടുള്ള താലൂക്ക് ആശുപത്രികൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള എല്ലാ സർക്കാർ ആശുപത്രികളിലും ആദ്യ ഘട്ടത്തിൽ നടപ്പിലാക്കും.

***********************************************************

## ഡ്രസ് കോഡ്-ആരോഗ്യമന്ത്രാലയം

കോൺവൊക്കേഷൻ ചടങ്ങുകൾക്കായി പുതിയ ഡ്രസ് കോഡ് രൂപകൽപന ചെയ്യാൻ എല്ലാ കേന്ദ്ര സർക്കാർ

ആശുപത്രികളോടും മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുകളോടും കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം ആവശ്യപ്പെട്ടു. ഇൻസ്റ്റിറ്റ്യൂട്ട് സ്ഥിതി ചെയ്യുന്ന സംസ്ഥാനത്തെ പ്രാദേശിക പാരമ്പര്യങ്ങളെ അടിസ്ഥാനമാക്കി കോൺവൊക്കേഷൻ ചടങ്ങിന് അനുയോജ്യമായ ഇന്ത്യൻ ഡ്രസ് കോഡ് രൂപകൽപന ചെയ്യാൻ മന്ത്രാലയം ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് നിർദ്ദേശം നൽകി.

*****************************************************

## എഫ്.എസ്.എസ്.എ.ഐ

കീടനാശിനികളുടെ ഉപയോഗം കുറയ്ക്കുന്നതിനും കർഷകരുടെ തലത്തിൽ തന്നെ കീടനാശിനികൾ നിയന്ത്രിക്കുന്നതിനുമുള്ള നയങ്ങൾ വികസിപ്പിക്കാൻ മന്ത്രിതല സമിതി രൂപീകരിക്കണമെന്ന് ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യ- സംസ്ഥാനങ്ങളോട് അഭ്യർത്ഥിച്ചു. കാർഷിക രീതികൾ സുരക്ഷിതവും സുസ്ഥിരവുമായി തുടരുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഭക്ഷണത്തിലെ കീടനാശിനികളുടെ അവശേഷിപ്പുകളുമായി ബന്ധപ്പെട്ട ആരോഗ്യ പ്രശ്നങ്ങളിൽ നിന്ന് ഇത് ഉപഭോക്താക്കളെ സംരക്ഷിക്കുമെന്നും F.S.S.A.I അഭിപ്രയപ്പെട്ടു.

RNU TVPM

*****************************************************

## കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം

രാജ്യത്തുടനീളമുള്ള സ്കൂളുകളിലെ കുട്ടികളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പാക്കുന്നതിനായുള്ള 2021-ലെ മാർഗനിർദേശങ്ങൾ നടപ്പാക്കാൻ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം നിർദേശം നൽകി.

****************************************************************************************************************************************